2025 MARCH
07
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ക്രൂഡ് ഓയിൽ വില 70 ഡോളറിന് താഴെ; കുതിച്ചുകയറി എണ്ണക്കമ്പനികളുടെ ഓഹരികൾ



**മുംബൈ:** രാജ്യാന്തര ക്രൂഡ് ഓയിൽ വില ഒരുവർഷത്തെ ഇടവേളയ്ക്കു ശേഷം വീണ്ടും ബാരലിന് 70 ഡോളറിന് താഴേക്ക് വീണതോടെ, കുതിച്ചുകയറി ഇന്ത്യയിലെ പൊതുമേഖലാ എണ്ണക്കമ്പനികളുടെ ഓഹരികൾ. ബ്രെന്റ് ക്രൂഡ് വില ബാരലിന് 68.56 ഡോളറിലേക്കും ഡബ്ല്യുടിഐ ക്രൂഡ് വില 65.37 ഡോളറിലേക്കുമാണ് ഇടിഞ്ഞത്. നിലവിൽ വില ഡബ്ല്യുടിഐക്ക് 66.62 ഡോളറിലേക്കും ബ്രെന്റ് വില 69.57 ഡോളറിലേക്കും മെച്ചപ്പെട്ടിട്ടുണ്ട്. ഒരുവർഷം മുമ്പ് ബ്രെന്റ് വില 91ഡോളറും ഡബ്ല്യുടിഐ വില 87 ഡോളറുമായിരുന്നു.

ഇന്ത്യൻ ബാസ്കറ്റ് (ഇന്ത്യ ക്രൂഡ് ഓയിൽ വാങ്ങുന്നവില) നടപ്പുവർഷം (2024-25) ഏപ്രിലിൽ ശരാശരി 89 ഡോളറായിരുന്നെങ്കിൽ ഇന്നലെ 71.09 ഡോളറാണെന്ന് കേന്ദ്ര പെട്രോളിയം മന്ത്രാലയത്തിനു കീഴിലെ പെട്രോളിയം പ്ലാനിങ് ആൻഡ് അനാലിസിസ് സെല്ലിന്റെ (പിപിഎസി) കണക്കുകൾ വ്യക്തമാക്കി. അതായത്, ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്യുന്ന വില കുറഞ്ഞു.

ക്രൂഡ് വില ഇടിഞ്ഞതിന്റെ കരുത്തിൽ പൊതുമേഖലാ എണ്ണക്കമ്പനികളുടെയും ക്രൂഡ് ഓയിൽ അസംസ്കൃതവസ്തുമായി ഉപയോഗിക്കുന്ന പെയിന്റ് നിർമാണക്കമ്പനികളുടെയും മറ്റും ഓഹരികൾ ഇന്നു വൻതോതിൽ ഉയർന്നു. ഈ മാസം മൂന്നിന് 52ആഴ്ചത്തെ താഴ്ചയിലായിരുന്നു മൂന്ന് പൊതുമേഖലാ എണ്ണവിതരണക്കമ്പനികളുടെയും ഓഹരിവില. ഇന്ത്യൻ ഓയിലിന്റെ ഓഹരികൾ ഇന്നലെ ഒരുഘട്ടത്തിൽ 126.88 രൂപവരെയെത്തി. വ്യാപാരം അവസാനിപ്പിച്ചത് 2.65% നേട്ടവുമായി 125.49 രൂപയിൽ. മാർച്ച് മൂന്നിന് വില 52ആഴ്ചത്തെ താഴ്ചയായ 110.72 രൂപയായിരുന്നു.

മാർച്ച് മൂന്നിലെ 234.01 രൂപയിൽ നിന്ന് ബിപിസിഎൽ ഓഹരിവില 265.95 രൂപവരെ ഉയർന്നു. ഇന്നലത്തെ മാത്രം കുതിപ്പ് 4 ശതമാനത്തിലധികം. വ്യാപാരാന്ത്യത്തിൽ ഓഹരിയുള്ളത് 3.56% നേട്ടവുമായി 264.96 രൂപയിൽ. ഹിന്ദുസ്ഥാൻ പെട്രോളിയം (എച്ച്പിസിഎൽ) ഓഹരികളും 52ആഴ്ചത്തെ താഴ്ചയായ 287.55 രൂപയിൽ നിന്ന് 342.40 രൂപവരെ എത്തി.

നേട്ടം 4 ശതമാനത്തിനു മുകളിലായിരുന്നു. 3.71% ഉയർന്ന് 338.25 രൂപയിലാണ് വ്യാപാരം പൂർത്തിയാക്കിയത്. ഏഷ്യൻ പെയിന്റ്സ് (4.75%), വരുമാനത്തിന്റെ മുഖ്യപങ്കും ഇന്ധനം വാങ്ങാൻ ചെലവിടുന്ന വിമാനക്കമ്പനികളായ സ്പൈസ് ജെറ്റ് (2.3%), ഇൻഡർഗ്ലോബ് ഏവിയേഷൻ (ഇൻഡിഗോ,1.5%) തുടങ്ങിയവയും നേട്ടമുണ്ടാക്കി.



## ഉയർന്ന ചെലവ്; സൈനിക വിമാനത്തിൽ കുടിയേറ്റക്കാരെ നാടുകടത്തുന്നത് നിർത്തി യുഎസ്

**വാഷിങ്ടൺ:** യുഎസിൽ നിന്നും അനധികൃത കുടിയേറ്റക്കാരെ സൈനിക വിമാനത്തിൽ നാടുകടത്തുന്നത് നിർത്തിവച്ചതായി അറിയിച്ച് അമെരിക്ക. സൈനിക വിമാനങ്ങളിയിരുന്നു അനധികൃത കുടിയേറ്റക്കാരെ അതാത് രാജ്യങ്ങളിലേക്ക് തിരിച്ചയച്ചുകൊണ്ടിരുന്നത്. എന്നാൽ ഇത് ഉയർന്ന ചെലവിന് വഴിവക്കുന്നതായി കണ്ടെത്തിയതോടെയാണ് നിർത്തലാക്കിയത്.

ലക്ഷക്കണക്കിന് അനധികൃത കുടിയേറ്റക്കാരാണ് രാജ്യത്തുള്ളതെന്ന് നേരത്തെ തന്നെ റിപ്പോർട്ടുകൾ വന്നിരുന്നു. ഇവരെ മൊത്തം കണ്ടെത്തി വിമാനങ്ങളിൽ കയറ്റി അയക്കുന്നത് ഭീമമായ ചെലവുണ്ടാക്കും. കണക്കുകൾ പ്രകാരം സി17 സൈനിക വിമാനത്തിന് മണിക്കൂറിൽ 24.83 ലക്ഷം രൂപ ചെലവാകും. ഇതുമൂലം നടപടികൾ പൂർണമായി നിർത്തിവയ്ക്കാനോ കൂടുതൽ കാലയളവിലേക്കു നീട്ടിവയ്ക്കാനോ സാധ്യതയുണ്ടെന്നും രാജ്യാന്തര മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്യുന്നു.

മാർച്ച് 1നാണ് അനധികൃത കുടിയേറ്റക്കാരുമായുള്ള അവസാന യുഎസ് വിമാനം പുറപ്പെട്ടതെന്നാണ് വിവരം. ജനുവരിയിൽ യുഎസ് പ്രസിഡൻറായി ഡോണൾഡ് ട്രംപ് അധികാരത്തിൽ വന്നതിനു പിന്നാലെയാണ് അനധികൃത കുടിയേറ്റക്കാരെ തിരിച്ചയയ്ക്കാനുള്ള നടപടികൾ ആരംഭിച്ചത്. ഫെബ്രുവരി മാസത്തിൽ ഇത്തരത്തിൽ 3 തവണ അനധികൃത കുടിയേറ്റക്കാരുമായി സൈനിക വിമാനം ഇന്ത്യയിലും ഇറങ്ങിയിരുന്നു. ഇന്ത്യയിലേക്കു മാത്രമുള്ള യാത്രയിൽ 78.36 കോടി രൂപയാണ് ചെലവായതെന്നാണ് വിവരം.

## രണ്ടാഴ്ചത്തേക്ക് കൂടിയുള്ള കരുതൽ ശേഖരം മാത്രം; ഗാസയിൽ അവശ്യവസ്തുക്കളുടെ വില കുതിച്ചുയരുന്നു

**ജറുസലം:** ഭക്ഷണം, ഇന്ധനം, മരുന്നു തുടങ്ങിയവയുടെ വിതരണം ഇസ്രയേൽ നിർത്തിവച്ചതിനു പിന്നാലെ ഗാസയിൽ അവശ്യവസ്തുക്കളുടെ വില കുതിച്ചുയരുന്നു. യുദ്ധത്തിനു പിന്നാലെ ഗാസയിലെ 20 ലക്ഷത്തോളം വരുന്ന ജനങ്ങൾ പൂർണമായും ആശ്രയിക്കുന്നതു ഇസ്രയേൽ നൽകുന്ന ഭക്ഷണത്തെയും അവശ്യവസ്തുക്കളെയുമാണ്. വെടിനിർത്തൽ കരാറിന്റെ ആദ്യഘട്ടത്തിൽ, എത്തിയ ഭക്ഷണവസ്തുക്കൾ മുഴുവൻ വിതരണം ചെയ്തതിനാൽ ഗാസയിൽ വലിയതോതിൽ നീക്കിയിരിപ്പില്ലെന്ന് ഐക്യരാഷ്ട്ര സംഘടനയുടെ ഫുഡ് ഏജൻസി വേൾഡ് ഫുഡ് പ്രോഗ്രാം അറിയിച്ചു. രണ്ടാഴ്ചത്തേക്ക് കൂടിയുള്ള കരുതൽ ശേഖരമേ ഉള്ളൂവെന്നും അവർ അറിയിച്ചു. പച്ചക്കറികളുടെയും ധാന്യമാവിന്റെയും വില ഗാസയിൽ കുതിച്ചുയരുകയാണ്.

വെടിനിർത്തൽ കരാർ ഹമാസ് ഭീകരരെക്കൊണ്ട് അംഗീകരിപ്പിക്കാനുള്ള നീക്കത്തിന്റെ ഭാഗമായാണ് ഈ ഉപരോധമെന്ന് ഇസ്രയേൽ പറയുന്നു. സമ്മർദം വർധിപ്പിക്കാനാണ് തീരുമാനമെന്നും ഹമാസ് ഭീകര് കരാർ അംഗീകരിക്കാൻ തയ്യാറാകാത്ത പക്ഷം ഗാസയിലേക്കുള്ള വൈദ്യുതിവിതരണം പൂർണമായി തടയാനുള്ള സാധ്യത തള്ളിക്കളയുന്നില്ലെന്നും ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു പറഞ്ഞിരുന്നു. യുദ്ധത്തിൽ വീടുകൾ നഷ്ടമായതിനാൽ ഭൂരിഭാഗം പേരും അഭയകേന്ദ്രങ്ങളിലാണ്.



# വന്യജീവി ആക്രമണം: സോളാർ ഫെൻസിംഗ് നിർമാണം ആരംഭിച്ചു

**കാലടി:** മലയാറ്റൂർവാഴച്ചാൽചാലക്കുടി എന്നീ ഫോറസ്റ്റ് ഡിവിഷനുകളിലെ രൂക്ഷമായ വന്യജീവി ആക്രമണം തടയുന്നതിനായി നബാർഡിൻറെ ധനസഹായത്തോടെ നടപ്പിലാക്കുന്ന 13.45 കോടി രൂപയുടെ ഹാഗിംഗ് സോളാർ ഫെൻസിംഗ് പദ്ധതിയുടെ പ്രാഥമിക നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചതായി അങ്കമാലി എംഎൽഎ റോജി എം. ജോൺ അറിയിച്ചു.

പദ്ധതിയുടെ ഭാഗമായി വാഴച്ചാൽ ഡിവിഷനു കീഴിൽ 60 കിലോമീറ്റർ പ്രദേശത്തും, മലയാറ്റൂർ ഡിവിഷനു കീഴിൽ 30 കിലോമീറ്റർ പ്രദേശത്തും, ചാലക്കുടി ഡിവിഷനു കീഴിൽ 18 കിലോമീറ്റർ പ്രദേശത്തുമാണ് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നത്.

വാഴച്ചാൽ ഡിവിഷനു കീഴിൽ വെറ്റിലപ്പാറ പാലത്തിന് സമീപത്ത് നിന്നും പ്ലാൻറേഷൻ കോർപറേഷൻ മേഖലയിൽ പത്ത് കിലോമീറ്റർ ദുരത്തിലാണ് ഫെൻസിംഗ് ആദ്യഘട്ടത്തിൽ സ്ഥാപിക്കുക. ഇതിൻറെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. നബാർഡ് പദ്ധതി പൂർത്തിയായാൽ പ്ലാൻറേഷൻ കോർപറേഷൻ പ്രദേശത്തേയും മലയാറ്റൂർ, അയ്യമ്പുഴ, കറുകുറ്റി, മൂക്കന്നൂർ പഞ്ചായത്തുകളിലേയും രൂക്ഷമായ വന്യജീവി ആക്രമണത്തിന് ഒരു പരിധിവരെ പരിഹാരമാകും.

ഇതോടൊപ്പം രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായി എറണാകുളം ജില്ലയിൽ വന്യജിവീ ആക്രമണം തടയുന്നതിനായി അനുവദിക്കപ്പെട്ട അഞ്ചു പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുമെന്ന് റോജി എം. ജോൺ എംഎൽഎ അറിയിച്ചു.

അയ്യമ്പുഴ പഞ്ചായത്തിലെ പാണ്ടുപാറ പ്രദേശത്ത് ഒരു കിലോമീറ്ററോളം ട്രഞ്ചും, കണ്ണിമംഗലം പ്രദേശത്ത് 1.6 കിലോമീറ്റർ നീളത്തിലും പോട്ടമുതൽ ഐഐപി കനാൽ വരെ 1.7 കീലോമീറ്റർ നീളത്തിലും മലയാറ്റൂർ പഞ്ചായത്തിൽ മുളംകുഴി മുതൽ എവർഗ്രീൻ ക്യാമ്പ്ഷെഡ് വരെ 2.6 കീലോമീറ്റർ നീളത്തിലും വള്ളിയാംകുളം പ്രദേശത്ത് 1.1 കീലോമീറ്റർ നീളത്തിലും സോളാർ ഹാഗിംഗ് ഫെൻസിംഗ് നിർമിക്കുന്ന ജോലികൾ പൂർത്തീകരിച്ച് വരികയാണെന്ന് റോജി എം. ജോൺ എംഎൽഎ കൂട്ടിച്ചേർത്തു.

# ആറ്റുകാൽ പൊങ്കാല: ഹരിതചട്ടം കർശനമാക്കി

**തിരുവനന്തപുരം:** ആറ്റുകാൽ പൊങ്കാലയുടെ ഭാഗമായി ഹരിതചട്ടം കർശനമാക്കി. ഇതിന്റെ ഭാഗമായി ക്ഷേത്ര വളപ്പിലെ താത്കാലിക സ്റ്റാളുകളിലും ഉത്സവ മേഖലകളിലെ വ്യാപാര സ്ഥാപനങ്ങളിലും ജില്ലാ എൻഫോഴ്സ്മെന്റ് സ്‌ക്വാഡും കോർപ്പറേഷനും സംയുക്തമായി പരിശോധന നടത്തി. പരിശോധനയിൽ 25 കിലോയോളം പ്ലാസ്റ്റിക്, നിരോധിത ഉത്പന്നങ്ങൾ പിടിച്ചെടുത്തു.

വൃത്തിഹീനമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സ്ഥാപനങ്ങൾക്ക് അധികൃതർ നോട്ടീസ് നൽകി. ജില്ലാ ശുചിത്വമിഷൻ ടീം, ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, കോർപ്പറേഷൻ ഹെൽത്ത് ഇൻസ്‌പെക്ടർമാർ എന്നിവരടങ്ങുന്ന സംഘമാണ് പരിശോധനയ്ക്ക് നേതൃത്വം നൽകിയത്.

കോർപ്പറേഷൻ പരിധിയിലെ ഹോട്ടലുകളും മറ്റു വ്യാപാര സ്ഥാപനങ്ങളും പരിശോധിക്കാൻ പ്രത്യേക സ്‌ക്വാഡിന് രൂപം നൽകി. സർക്കാർ ഓഫീസുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവ പരിശോധിച്ച് സ്‌പോർട്ട് ഫൈൻ ഈടാക്കുകയും ചട്ടലംഘനത്തിന് നോട്ടീസ് നൽകുകയും ചെയ്തു.

ജില്ലാ ഇന്റേണൽ വിജിലൻസ് ഓഫീസർമാരുടെ നേതൃത്വത്തിൽ ജില്ലയിൽ വ്യാപകമായി പരിശോധനകൾ കർശനമാക്കി. വരും ദിവസങ്ങളിലും പരിശോധന ശക്തമാക്കുമെന്ന് അധികൃതർ വ്യക്തമാക്കി.

# കിറ്റ്കോ ജീവനക്കാർക്ക് ശമ്പളകുടിശിക നൽകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി :** 2020 ഏപ്രിൽ മുതൽ 2024 നവംബർ വരെയുള്ള ശമ്പളം, അലവൻസ് കുടിശ്ശിക കിറ്റ്കോ ജീവനക്കാർക്ക് എത്രയും വേഗം നൽകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് കിറ്റ്കോ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകി.കിറ്റ്കോ ജീവനക്കാരനായ തോമസ് ഡാമിയൻ സമർപ്പിച്ച പരാതിയിലാണ് നടപടി.

സംസ്ഥാന സർക്കാരിന്റെ വിവിധ ഏജൻസികളിൽ നിന്നും പദ്ധതികൾ നടപ്പിലാക്കിയ വകയിൽ കിറ്റ്കോയ്ക്ക് കിട്ടാനുള്ള കുടിശ്ശിക എത്രയും വേഗം സ്ഥാപനത്തിന് നൽകുന്നതിന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബന്ധപ്പെട്ടവരുടെ യോഗം വിളിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു.കിറ്റ്കോയ്ക്ക് കുടിശ്ശിക നൽകാനുള്ള ആരോഗ്യമെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്,

തദ്ദേശസ്വയംഭരണവകുപ്പ്, ആയുഷ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മേധാവികളുടെയും സമാന സ്ഥാപനമേധാവികളുടെയും യോഗം വിളിക്കാനാണ് ജസ്റ്റിസ് അലക്സാണ്ടർ തോമസ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയത്. ഇപ്പറഞ്ഞ ഏജൻസികൾ തങ്ങൾക്ക് പണം നൽകാനുണ്ടെന്ന് കിറ്റ്കോ കമ്മീഷനെ അറിയിച്ചു. കിറ്റ്കോയ്ക്ക് സമയബന്ധിതമായി തുക ലഭ്യമാക്കാൻ വിവിധ ഏജൻസികൾക്ക് നിർദ്ദേശം നൽകണമെന്നും കമ്മീഷൻ പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകി. ജീവനകാർക്ക് ശമ്പള കുടിശ്ശിക നൽകാമെന്ന് കിറ്റ്കോ കമ്മീഷന് ഉറപ്പ് നൽകിയെങ്കിലും സമയക്രമം പറയാത്ത സാഹചര്യത്തിലാണ് നടപടി.

# കാർഷിക രംഗത്ത് മാതൃകയായി സഞ്ചരിക്കുന്ന ചാണക സംസ്കരണ യൂണിറ്റ്

**തിരുവനന്തപുരം:** കാർഷിക രംഗത്ത് കേരളത്തിന് മാതൃക സൃഷ്ടിക്കുകയാണ് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ നൂതന പദ്ധതിയായ സഞ്ചരിക്കുന്ന ചാണക സംസ്കരണ യൂണിറ്റ്. ക്ഷീരവികസന മേഖലയുടെയും കാർഷിക മേഖലയുടെയും സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന പദ്ധതി ഒരേ സമയം ക്ഷീരകർഷകർക്ക് വരുമാനദായകവും മാലിന്യ നിർമ്മാർജനത്തിന് സഹായകരവുമാണ്.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ക്ഷീരകർഷകരുടെ വീടുകളിലേക്ക് നേരിട്ടെത്തുന്ന മൊബൈൽ ചാണക സംസ്കരണ യൂണിറ്റ് ചാണകക്കുഴിയിൽ നിന്ന് ചാണകമെടുത്ത് ഉണക്കി സംസ്കരിച്ച് വാഹനത്തിൽ ശേഖരിക്കും. ശേഖരിക്കുന്ന ചാണകത്തിന് കിലോഗ്രാമിന് നിശ്ചിത തുക കർഷകന് നൽകും. ചാണകം നീക്കം ചെയ്ത് അവശേഷിക്കുന്ന ഗോമൂത്രം, സ്ലറി എന്നിവ പ്രത്യേകം സജ്ജമാക്കിയ വാനിലും ശേഖരിക്കും.

സംസ്കരിച്ച ചാണകം നെടുമങ്ങാട് ബ്ലോക്കിന്റെ ജൈവ ഗ്രാമത്തിലെത്തിച്ച് ഗുണമേന്മ വർദ്ധിപ്പിച്ചും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കിയും കാർഷിക ക്ഷേമവകുപ്പ്, ക്ഷീരസംഘങ്ങൾ തുടങ്ങിയ ഏജൻസികൾ വഴി വിതരണം ചെയ്യും. ഗോമൂത്രം, സ്ലറി എന്നിവ ആവശ്യപ്പെടുന്ന കർഷകർക്ക് കൃഷിഭൂമിയിൽ ഡിസ്ചാർജ്ജ് ചെയ്ത് നൽകും.

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 23 ലക്ഷം പദ്ധതി വിഹിതവും 17 ലക്ഷം ജൈവഗ്രാമം ഗുണഭോക്ത വിഹിതവും ഉൾപ്പെടെ 40 ലക്ഷം രൂപ ചെലവഴിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. ചാണകം, മൂത്രം എന്നിവ ഉറവിടത്തിൽ സംസ്കരിക്കുക, ശാസ്ത്രീയമായ രീതിയിൽ മാലിന്യ നിർമ്മാർജനം ഉറപ്പവരുത്തുക, ജൈവവളത്തിലൂടെ അധിക വരുമാനം, രാസവളത്തിന്റെ ഉപയോഗം കുറയ്ക്കൽ, യുവാക്കളിൽ കൃഷി ചെയ്യുന്നതിന്റെ താത്പര്യം വർദ്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

പദ്ധതി സംബന്ധിച്ച് കർഷകർക്കും മറ്റ് തൊഴിലാളികൾക്കും പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. യൂണിറ്റ് പ്രവർത്തനം തുടങ്ങി ഒരു മാസം തികയുന്നതിന് മുമ്പ് 20 ക്ഷീര കർഷകരാണ് സംസ്കരണ യൂണിറ്റിന്റെ ഗുണഭോക്താക്കളായത്.

ആവശ്യമെങ്കിൽ ബ്ലോക്ക് പരിധിക്ക് പുറത്തേക്ക് മൊബൈൽ ചാണക സംസ്ക്കരണ യൂണിറ്റിന്റെ സേവനം ലഭ്യമാക്കുമെന്ന് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി. അമ്പിളി വ്യക്തമാക്കി.



# പ്രകൃതിസൗഹൃദ ജലശുചീകരണ ഗവേഷണ ബോധവത്കരണ പരിപാടി

**തൃക്കാക്കര:** തൃക്കാക്കര നഗരസഭയുടെ ആഭിമുഖ്യത്തിൽ നഗരസഭയിലെ ഇരുപതാം വാർഡ് കാളച്ചാൽ ബണ്ട് ഭാഗത്ത് നബാർഡിന്റെയും വിവിധ സർക്കാർ വകുപ്പുകളുടെയും സഹകരണത്തോടെ എറണാകുളം അങ്കമാലി അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയ നടപ്പാക്കുന്ന ആഗോളതാപനത്തിനെതിരെ പ്രകൃതിസൗഹൃദ ജലശുചീകരണ പദ്ധതിയുടെ ഭാഗമായ ഫീൽഡ്തല പ്രവർത്തനങ്ങൾക്ക് തുടക്കമായി. തുതിയൂർ പ്രിയദർശിനി നഗറിൽ നഗരസഭാ കൗൺസിലർ എം. കെ. ചന്ദ്രബാബുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം നഗരസഭാധ്യക്ഷ രാധാമണി പിള്ള ഉദ്ഘാടനം ചെയ്തു. നബാർഡ് ജില്ലാ ഡവലപ്മെന്റ് മാനേജർ അജീഷ് ബാലു മുഖ്യപ്രഭാഷണം നടത്തി. സഹൃദയ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ, റസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് ജെയിംസ് മാപ്പുംചേരി സഹൃദയ ആനിമേറ്റർ മോളി ജോയി, സഹൃദയ അസി. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സിബിൻ മനയംപിള്ളി എന്നിവർ പ്രസംഗിച്ചു.

പദ്ധതിക്ക് സാങ്കേതിക സഹകരണം നൽകുന്ന ടു ഡിഗ്രി ക്ലൈമറ്റ് ചേഞ്ച് മാനേജിംഗ് ഡയറക്ടർ ഡോ. സഞ്ജു തോമസ് ബോധവത്കരണ ക്ളാസിന് നേതൃത്വം നൽകി.

# ലഹരിക്കെതിരെ അമ്പതിനായിരം അമ്മമാരുടെ അമ്മക്കൂട്ട് പദ്ധതി

**കൊച്ചി:** എറണാകുളംഅങ്കമാലി അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയയുടെ ആഭിമുഖ്യത്തിൽ ലഹരിക്കെതിരെ സഹൃദയ സംഘാംഗങ്ങളായ അമ്മമാരുടെ നേതൃത്വത്തിൽ കേരള പോലീസിന്റെ യോദ്ധാവ് പദ്ധതിയുമായി സഹകരിച്ച് നടപ്പാക്കുന്ന അമ്മക്കൂട്ട് പദ്ധതിക്ക് വനിതാദിനത്തിൽ തുടക്കമാകും. മക്കൾക്ക് കൂട്ട് മാതാക്കൾ എന്ന സന്ദേശവുമായി ആരംഭിക്കുന്ന അമ്മക്കൂട്ട് പദ്ധതിയിലൂടെ ലഹരിവിപത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും ഉപയോഗിക്കുന്നവരുടെ ലക്ഷണങ്ങളെക്കുറിച്ചും പ്രതിരോധമാർഗങ്ങളെക്കുറിച്ചും അറിവുനേടാനും മക്കളുമായി കൂടുതൽ സൗഹൃദം സ്ഥാപിച്ച് ലഹരിവലയത്തിൽ നിന്നകറ്റാനും ആവശ്യമുള്ളവർക്ക് ചികിത്സ ഉറപ്പാക്കാനുമുള്ള ശ്രമങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ അറിയിച്ചു. സഹൃദയ സംഘാംഗങ്ങളായ അമ്പതിനായിരം അമ്മമാരിൽ തുടങ്ങി എല്ലാ അമ്മമാരെയും ലഹരിക്കെതിരെയുള്ള സന്നദ്ധസേവകരാക്കുകയാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

ശനിയാഴ്ച രാവിലെ 10.30 ന് പൊന്നുരുന്നി കർദിനാൾ പാറേക്കാട്ടിൽ ഹാളിൽ എറണാകുളം ജില്ലാ ശിശു സംരക്ഷണ ഓഫീസർ കെ എസ് സിനിയുടെ അധ്യക്ഷതയിൽ ചേരുന്ന സഹൃദയ വനിതാ സംഗമം ദലീമ ജോജോ എം.എൽ.എ ഉദ്ഘാടനം ചെയ്യും. മുതിർന്ന മാധ്യമപ്രവർത്തക കെ.കെ. ഷാഹിന വനിതാ ദിന സന്ദേശം നൽകും. മനോമിത്രം കൗൺസിലിംഗ് സെന്ററിന്റെ ഉദ്ഘാടനം സിനിമ സീരിയൽ താരം പൗളി വത്സൻ നിർവഹിക്കും. സംരംഭങ്ങൾക്കുള്ള വായ്പാവിതരണ പദ്ധതി ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ഷേർളി സക്കറിയാസ് ഉദ്ഘാടനം ചെയ്യും. മികച്ച സംരംഭകർക്കുള്ള അവാർഡുകൾ കെ.എസ് സിനിയും മികച്ച വനിതാ കർഷകർക്കുള്ള അവാർഡുകൾ ഷേർളി സക്കറിയാസും മികച്ച ആനിമേറ്റർമാർക്കുള്ള അവാർഡുകൾ പൗളി വൽസനും വിതരണം ചെയ്യും. ജനമൈത്രി പൊലീസ് സബ് ഇൻസ്‌പെക്ടർ ബാബു ജോൺ ലഹരി വിരുദ്ധ ക്ളാസ് നയിക്കും. ലഹരിക്കെതിരെ സാമൂഹ്യശാസ്ത്ര വിദ്യാർഥികൾ അവതരിപ്പിക്കുന്ന തെരുവ് നാടകവും ഉണ്ടായിരിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# വേമ്പനാട് കായൽ പുനരുജ്ജീവനം: രണ്ടാം ഘട്ട ബ്രാൻഡ് ഓഡിറ്റിംഗ് തുടങ്ങി

**ആലപ്പുഴ:** ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച വേമ്പനാട് കായൽ പുനരുജ്ജീവന പദ്ധതിയിലെ മെഗാ പ്ലാസ്റ്റിക് ക്ലീനിങ് ഡ്രൈവിന്റെ തുടർപ്രവർത്തനമായ രണ്ടാം ഘട്ട ബ്രാൻഡ് ഓഡിറ്റിംഗ് ജില്ലാ കളക്ടർ അലക്സ് വർഗീസ് ഫ്ലാഗ് ഓഫ് ചെയ്തു. ടാഗ്സ് ഫോറത്തിന്റെ സാങ്കേതിക പിന്തുണയോടെ ആദ്യ ഘട്ട ബ്രാൻഡ് ഓഡിറ്റിംഗ് ചേർത്തല എസ്എൻ കോളേജ് എൻ.എസ്.എസ് വോളന്റിയർമാരുടെ നേതൃത്വത്തിൽ നേരത്തേ നടന്നിരുന്നു. ഇതിന്റെ രണ്ടാംഘട്ടം മാർച്ച് 6,7,8 തീയതികളിൽ ഗവ. കോളേജ് അമ്പലപ്പുഴയുടെയും എസ് എൻ കോളേജ് ചേർത്തലയിലെയും എൻഎസ്എസ് വോളണ്ടിയർമാരുടെ പങ്കാളിത്തത്തോടെയാണ് നടത്തുന്നത്. വേമ്പനാട് കായലിൽ നിന്ന് ശേഖരിച്ച മാലിന്യത്തിന്റെ ബ്രാൻഡുകൾ തിരിച്ചറിയലാണ് ഓഡിറ്റിംഗ് പ്രവർത്തനത്തിന്റെ പ്രധാന ഭാഗം. കൂടാതെ, പ്ലാസ്റ്റിക് ഉൽപ്പാദനം, ഉപഭോഗം, ഉപേക്ഷിക്കൽ എന്നീ ഘട്ടങ്ങൾ വിലയിരുത്തുകയും ദീർഘകാല പരിഹാരങ്ങൾ നിർദേശിക്കുകയും ചെയ്യുകയാണ് പഠനത്തിന്റെ ലക്ഷ്യം. എക്സ്റ്റെൻഡഡ് പ്രൊഡ്യൂസർ റഎസ്പോൺസിബിലിറ്റി പ്രാബല്യത്തിൽ വരുത്തുന്നതിനും മാലിന്യ കുറയ്ക്കൽ മാർഗങ്ങൾ ആവിഷ്കരിക്കുന്നതിനും പഠനം സഹായകരമാകും. ജില്ലാ ഭരണകൂടം, ശുചിത്വ മിഷൻ, അമ്പലപ്പുഴ ഗവ. കോളേജ്, ചേർത്തല എസ്. എൻ കോളേജ്, ടാഗ് സപ്പോർട്ട് ഫോറം, ആലപ്പുഴ നഗരസഭ എന്നിവയുടെ നേതൃത്വത്തിലാണ് പ്രവർത്തനം. ഓഡിറ്റിംഗ് പ്രവർത്തനത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് മലിനീകരണത്തെക്കുറിച്ച് ബോധവൽക്കരണ പരിപാടികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ശേഖരിച്ച പ്ലാസ്റ്റിക്കുകൾ ഉപയോഗിച്ച് വിവിധ കേന്ദ്രങ്ങളിൽ പ്രദർശനങ്ങളും കലാത്മക ഇൻസ്റ്റലേഷനുകളും ഒരുക്കും. ടൂറിസം മേഖലയിലും വ്യാപാര കേന്ദ്രങ്ങളിലും പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിന് ജനങ്ങളെ പ്രേരിപ്പിക്കുന്ന പരിപാടികളും സംഘടിപ്പിക്കും. എം.ആർ പ്രേം, എ.എസ് കവിത, നസീർ പുന്നക്കൽ, ആരോഗ്യ വിഭാഗം ജെ.എച്ച്.ഐമാർ, അമ്പലപ്പുഴ ഗവ. കോളേജ് എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ കെ.പി ഐശ്വര്യ, ടാഗ്സ് ഫോറം പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.



# എംഎസ്സിയുടെ ജേഡ് സർവീസിൽ വിഴിഞ്ഞവും

**വിഴിഞ്ഞം:** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ചരക്കുകപ്പലുകൾ അടുപ്പിച്ച് ആധിപത്യമുറപ്പിച്ച എംഎസ്സിയുടെ ജേഡ് സർവീസിൽ വിഴിഞ്ഞവും. ഇനി മുതൽ ദക്ഷിണ ഏഷ്യയിലെ ചരക്കു ഗതാഗതതുറമുഖമായി വിഴിഞ്ഞം മാറുമെന്ന കണക്കുകൂട്ടലിൽ അധികൃതർ.

കഴിഞ്ഞ മാസം കൊച്ചിയിൽ നടന്ന കോൺക്ലേവിൽ കമ്പനി നടത്തിയ പ്രഖ്യാപനം യാഥാർഥ്യമാകുന്നതോടെ വിഴിഞ്ഞം ലോകത്ത് അറിയപ്പെടുന്ന വൻകിട തുറമുഖങ്ങളോടൊപ്പം കിടപിടിക്കാൻ കെൽപ്പുള്ളതായി മാറും. ലോകത്തിലെ പ്രമുഖ കണ്ടെയ്നർ ഷിപ്പിംഗ് ലോജിസ്റ്റിക് കമ്പനികളിൽ ഒന്നാണ് സ്വിറ്റ്സർലാൻറിലെ ജനീവ ആസ്ഥാനമായുള്ള എംഎസ്സി. 155 ലധികം രാജ്യങ്ങളെ 260ൽ അധികം ട്രേഡ് റൂട്ടുകളിലൂടെ ബന്ധിപ്പിക്കുന്ന ചരക്കു ഗതാഗത സംവിധാനവും എംഎസ്സിക്കുണ്ട്.

കമ്പനിയുടെ പ്രധാന ചരക്ക് ഗതാഗത പാതയായ ആഫ്രിക്കയിലെ ഹുഡ്ഹോപ്പ് മുനമ്പുചുറ്റി യൂറോപ്പിൽനിന്ന് ഏഷ്യയിലേക്കു പോകുന്ന ഒരു കപ്പൽ പാതയിലെ പ്രധാന സർവീസുകളിൽ ഒന്നാണ് ജേഡ്. ഏറ്റവും വലിയ തുറമുഖങ്ങളായ ദക്ഷിണ കൊറിയയിലെ ബുസാൻ, ചൈനയിലെ ഷാങ്ഹായ്, യാൻറിയാൻ ഉൾപ്പെടെ നാലു തുറമുഖങ്ങൾ, സിംഗപ്പൂർ, സ്പെയിനിലെ വലൻസിയ, വാഴ്സലോണ, ഇറ്റലിയിലെ ജിയോയ ടൗറോ എന്നിവയെയും ബന്ധിപ്പിച്ചിട്ടുണ്ട്. ഈ വൻകിട തുറമുഖ ഗണത്തിലാണ് കമ്മിഷനിംഗ് കാത്തിരിക്കുന്ന വിഴിഞ്ഞം തുറമുഖവും എത്തിപ്പെടുന്നത്.

മുൻപ് ഇന്ത്യയിലേക്കും അയൽ രാജ്യങ്ങളിലേക്കും വരുന്ന കണ്ടെയ്നറുകൾ സിംഗപ്പൂർ തുറമുഖത്തുനിന്നു ചെറു കപ്പലുകളിൽ എത്തിക്കുകയായിരുന്നു പതിവ്.

ജേഡ് സർവീസിൽ ഉൾപ്പെടുന്നതോടെ ഇന്ത്യയിലേക്കും അയൽ രാജ്യങ്ങളിലേക്കുമുള്ള കണ്ടെയ്നറുകൾ വിഴിഞ്ഞം തുറമുഖത് എത്തിച്ച ശേഷം കൊണ്ടുപോകും.

ഇതിനിടയിൽ ട്രയൽ റൺ തുടങ്ങിയ ശേഷമുള്ള 200 മത്തെ ചരക്ക് കപ്പൽ എംഎസ്സി അൽവ ഇന്നലെ വാർഫിൽ അടുത്തു.

ആകെയെത്തിയ 200ൽ 175 ലധികം കപ്പലുകളും എംഎസ്സി കമ്പനിയെത്തിച്ച് വിഴിഞ്ഞം തുറമുഖത്ത് ആധിപത്യം ഉറപ്പിച്ചു.

# കടയ്ക്കൽ താലൂക്ക് ആശുപത്രിയ്ക്ക് ദേശീയ ഗുണനിലവാര അംഗീകാരം

**കൊല്ലം:** സംസ്ഥാനത്തെ ഒരു ആശുപത്രിയ്ക്ക് കൂടി ദേശീയ ഗുണനിലവാര മാനദണ്ഡമായ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് (എൻ.ക്യു.എ.എസ്.) അംഗീകാരം ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കൊല്ലം ജില്ലയിലെ കടയ്ക്കൽ താലൂക്ക് ആശുപത്രി 90.34 ശതമാനം സ്കോർ നേടിയാണ് എൻ.ക്യു.എ.എസ്. കരസ്ഥമാക്കിയത്. ഇതോടെ സംസ്ഥാനത്തെ 202 ആശുപത്രികൾ എൻ.ക്യു.എ.എസ്. അംഗീകാരവും 85 ആശുപത്രികൾ പുന:അംഗീകാരവും നേടിയെടുത്തു. 5 ജില്ലാ ആശുപത്രികൾ, 5 താലൂക്ക് ആശുപത്രികൾ, 11 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 41 അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, 136 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 4 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ എൻ.ക്യു.എ.എസ് അംഗീകാരം നേടിയിട്ടുണ്ട്.

മന്ത്രി വീണാ ജോർജ് നിരവധി തവണ ആശുപത്രിയിലെത്തി വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി. ഈ സർക്കാരിന്റെ കാലത്ത് 15 കോടിയിലധികം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. സ്ഥലപരിമിതി കാരണം ബുദ്ധിമുട്ടിയ ആശുപത്രിയ്ക്കായി 20 സെന്റ് കൂടി അധികമായി ലഭ്യമാക്കി. ഇതിൽ പുതിയ വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതി ആവിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

മികച്ച സേവനങ്ങളാണ് ഇവിടെ നൽകി വരുന്നത്. അത്യാഹിത വിഭാഗം, ഗൈനക്കോളജി വിഭാഗം, ഓർത്തോപീഡിക്സ് വിഭാഗം തുടങ്ങിയ മികച്ച സ്പെഷ്യാലിറ്റി വിഭാഗങ്ങളാണിവിടെയുള്ളത്. ദിവസവും ആയിരത്തോളം പേരാണ് ഒപിയിൽ ചികിത്സ തേടിയെത്തുന്നത്. 155 പേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യവുമുണ്ട്. ഇവിടത്തെ ഡയാലിസിസ് യൂണിറ്റിൽ ദിവസവും നാല് ഷിഫ്റ്റിൽ നാൽപതോളം പേർക്ക് ഡയാലിസിസ് നൽകുന്നുണ്ട്. കിടപ്പ് രോഗികൾക്ക് മികച്ച ചികിത്സ ഉറപ്പാക്കാൻ 9 കിടക്കകളുള്ള സെക്കന്ററി പാലിയേറ്റീവ് കെയർ വാർഡും ഇവിടെയുണ്ട്. ലക്ഷ്യ നിലവാരമുള്ള ലേബർ റൂം സൗകര്യങ്ങളും സജ്ജമാണ്. ഇങ്ങനെ മികച്ച പ്രവർത്തനങ്ങൾക്കുള്ള ബഹുമതിയാണ് ഈ ദേശീയ ഗുണനിലവാര അംഗീകാരം.

# വൃത്തി 2025 : ക്ലീൻ കേരള കോൺക്ലേവ് പ്രദർശന സ്റ്റാളുകൾക്ക് അപേക്ഷിക്കാം

**തിരുവനന്തപുരം:** മാലിന്യ സംസ്കരണ രംഗത്തെ പുതിയ ആശയങ്ങൾ, സാങ്കേതിക വിദ്യകൾ, ആധുനിക സംവിധാനങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നതിനും ഈ രംഗത്തെ കേരളത്തിന്റെ സവിശേഷതകളും മികച്ച പ്രവർത്തനങ്ങളും അവതരിപ്പിക്കുന്നതിനുമായി ദേശീയ കോൺക്ലേവ് നടത്തുന്നു. മാലിന്യ മുക്തം നവ കേരളം ക്യാമ്പയിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് സംഘടിപ്പിക്കുന്ന ഈ പരിപാടിയുടെ ഏകോപനം സംസ്ഥാന ശുചിത്വ മിഷനാണ് നിർവഹിക്കുന്നത്. ഹരിതകേരളം മിഷൻ, കുടുംബശ്രീ മിഷൻ, കേരള ഖരമാലിന്യ പദ്ധതി ഉൾപ്പെടെയുള്ള വിവിധ ഏജൻസികളും സംഘാടനത്തിന്റെ ഭാഗമാണ്. ഏപ്രിൽ 9 മുതൽ 13 വരെ തിരുവനന്തപുരം കനകക്കുന്നിൽ 'വൃത്തി 2025' എന്ന പേരിൽ നടത്തുന്ന ഈ പരിപാടിയിൽ സന്ദർശകരുൾപ്പെടെ ഒരു ലക്ഷത്തോളം ആളുകൾ പങ്കെടുക്കുമെന്നാണ് പ്രതീക്ഷ.

ഈ മേഖലയിൽ രാജ്യത്തിനകത്തും പുറത്തും പ്രവർത്തിക്കുന്ന പ്രമുഖ സ്ഥാപനങ്ങളും വിദഗ്ധരും, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും, വിവിധ സർക്കാർ വകുപ്പുകളും പരിപാടിയിൽ പങ്കെടുക്കും. സെമിനാറുകൾ, കോൺഫറൻസുകൾ, ബിസിനസ്സ്, സ്റ്റാർട്ടപ്പ് മീറ്റുകൾ, മാലിന്യ സംസ്കരണ മാതൃകകളുടെ ലൈവ് അവതരണങ്ങൾ, സാംസ്കാരിക പരിപാടികൾ തുടങ്ങിയവയ്ക്കൊപ്പം ശുചിത്വം, മാലിന്യ സംസ്കരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ, ഉത്പന്നങ്ങൾ, മാതൃകകൾ എന്നിവയുടെ വിപുലമായ പ്രദർശന സ്റ്റാളുകളും ഒരുക്കുന്നുണ്ട്. മികച്ച ശുചിത്വ മാതൃകകൾ നടപ്പിലാക്കിയ തദ്ദേശ സ്ഥാപനങ്ങൾ, യുവ സംരംഭകർ, മറ്റ് സർക്കാർ സ്വകാര്യ ഏജൻസികൾ എന്നിവർ ഈ പ്രദർശനത്തിൽ പങ്കെടുക്കും. വൃത്തി 2025 ക്ലീൻ കേരള കോൺക്ലേവിൽ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും പ്രദർശിപ്പിക്കാൻ താൽപര്യമുള്ള മാലിന്യ സംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന, സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും യുവ സംരംഭകർക്കും പ്രദർശനത്തിൽ പങ്കെടുക്കാം. താൽപര്യമുള്ളവർ സംസ്ഥാന ശുചിത്വ മിഷന്റെ പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയോ, സ്പോൺസർഷിപ്പിലൂടെ പങ്കാളിത്തം ഉറപ്പാക്കുകയോ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് : 7907735972, 9495330575, 9847718096.

# തൊഴിലധിഷ്ഠിത കോഴ്സുകൾ

**തിരുവനന്തപുരം:** കെൽട്രോണിൽ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഗ്രാഫിക്സ്, വെബ് ആൻഡ് ഡിജിറ്റൽ ഫിലിം മേക്കിങ്, യു.ഐ/യു.എക്സ് ഡിസൈനർ, ഡാറ്റ സയൻസ്, ഡിജിറ്റൽ മാർക്കറ്റിങ് കോഴ്സുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തും. തിരുവനന്തപുരം ജില്ലയിലെ പ്രവേശനത്തിനായി രേഖകളുമായി വഴുതക്കാട് കെൽട്രോൺ നോളജ് സെന്ററുമായി ബന്ധപ്പെടണം. ഫോൺ: 8590805260, 04712325154.



# ഊരാളുങ്കലിന്റെ ഇന്റർലോക്ക് ടൈൽസ് യൂണിറ്റിന് പുരസ്ക്കാരം

**കൊച്ചി:** ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഇന്റർലോക്ക് ടൈൽസ് യൂണിറ്റിന് ഏറ്റവും സുരക്ഷിതമായ ചെറുകിട സ്ഥാപനത്തിനുള്ള സർക്കാർ പുരസ്ക്കാരം. കേരളസർക്കാരിന്റെ ഫാക്റ്ററീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ 2024ലെ 'കേരള സംസ്ഥാന വ്യാവസായിക സുരക്ഷാ അവാർഡ്' സഹകരണമന്ത്രി വി. എൻ. വാസവൻ തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ സമ്മാനിച്ചു. ഊരാളുങ്കൽ സൊസൈറ്റിയുടെ ഡെപ്യൂട്ടി ജനറൽ മാനേജർ കെ. പി. ജിനേഷ്, സൈറ്റ് ലീഡർ പി. ടി. പ്രദീപ്, യൂണിറ്റ് മാനേജർ ശരത്‌ലാൽ, എൻവയൺമെൻറ് മാനേജർ ബി. രാജേഷ്, അസി. മാനേജർ ആർ. ജി. രാഹുൽ, സീനിയർ അക്കൗണ്ടൻറ് ബിജുകുമാർ എന്നിവർ ചേർന്ന് അവാർഡ് ഏറ്റുവാങ്ങി. വട്ടിയൂർക്കാവ് എംഎൽഎ വി.കെ. പ്രശാന്ത്, തൊഴിൽ വകുപ്പു സെക്രട്ടറി ഡോ. കെ. വാസുകി, ഫാക്റ്ററീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ പി. പ്രമോദ്, മലിനീകരണനിയന്ത്രണ ബോർഡ് മെംബർ സെക്രട്ടറി ഡോ. എ.എം. ഷീല എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. പ്ലാസ്റ്റിക്, ആയുർവേദ ഔഷധം, സ്റ്റോൺ ക്രഷർ, ഐസ് പ്ലാൻറ് തുടങ്ങിയ മേഖലകളിലെ 20 വരെ തൊഴിലാളികളുള്ള ഫാക്റ്ററികളുടെ വിഭാഗത്തിലാണ് അവാർഡ്. കോട്ടയം ജില്ലയിലെ പാലായിലാണ് ഊരാളുങ്കൽ സൊസൈറ്റിയുടെ പുരസ്ക്കാരത്തിനർഹമായ ഇന്റർലോക്ക് ടൈൽസ് യൂണിറ്റ്.

# ബ്രസീൽ ലെജൻഡ്സ്–ഇന്ത്യ ഓൾസ്റ്റാർ ഫുട്ബോൾ മൽസരം: ടിക്കറ്റ് വിൽപന തുടങ്ങി

**കൊച്ചി:** ഇന്ത്യൻ ഫുട്ബോൾ ആരാധകർ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ബ്രസീൽ ലെജൻഡ്സ്ഇന്ത്യ ഓൾസ്റ്റാർസ് മത്സരത്തിനുള്ള ഔദ്യോഗിക ടിക്കറ്റ് വിൽപന തുടങ്ങി. ചെന്നൈ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ മാർച്ച് 30ന് വൈകിട്ട് 7 മണിക്കാണ് ഐതിഹാസിക മത്സരം അരങ്ങേറുന്നത്. ഫിഫ ലോകകപ്പ് ജേതാക്കളായ ബ്രസീലിന്റെ ഇതിഹാസ താരങ്ങളാണ് മത്സരത്തിൽ പങ്കെടുക്കാനെത്തുന്നത്. ഓൺലൈൻ പ്ലാറ്റ്ഫോമായ ബുക്ക്മൈഷോയിലൂടെ മത്സരത്തിനുള്ള ടിക്കറ്റുകൾ ബുക്ക് ചെയ്യാം. 2002 ലോകകപ്പ് ജേതാക്കളായ ബ്രസീൽ ടീമിലെ റൊണാൾഡീഞ്ഞോ, റിവാൾഡോ, കഫു, ഗിൽബെർട്ടോ സിൽവ, എഡ്മിൽസൺ, ക്ലെബർസൺ, റിക്കാർഡോ ഒലിവേര, മാർസെലോ എന്നിവരുൾപ്പെടെയുള്ള ബ്രസീലിയൻ താരങ്ങളാണ് പരിശീലകൻ പ്രശാന്ത ബാനർജിയുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ ഓൾസ്റ്റാർസ് ടീമിനെതിരെ കളത്തിലിറങ്ങുന്നത്. മെഹ്താബ് ഹൊസൈൻ, അൽവിറ്റോ ഡികുഞ്ഞ, സയ്യിദ് റഹീം നബി, സുഭാഷിഷ് റോയ് ചൗധരി, മെഹ്റാജുദ്ദീൻ വാദൂ, ഷൺമുഖം വെങ്കിടേഷ്, അർണാബ് മൊണ്ടാൽ, മഹേഷ് ഗാവ്‌ലി എന്നിവരുൾപ്പെടുന്നതാണ് ഇന്ത്യ ഓൾസ്റ്റാർ സ്ക്വാഡ്. ഇത് ഇന്ത്യൻ ഫുട്ബോളിലെ ഒരു ചരിത്ര നിമിഷമാണെന്നും, 2002ലെ ബ്രസീൽ ലോകകപ്പ് നേടിയ ടീമിനെ ചെന്നൈയിലേക്ക് എത്തിക്കുന്നത് ഒരു സ്വപ്ന സാക്ഷാത്കാരമാണെന്നും പ്രദർശന മത്സരത്തിന്റെ സംഘാടകരായ ഫുട്ബോൾ പ്ലസ് അക്കാദമി സ്ഥാപകൻ ഡേവിഡ് ആനന്ദ് പറഞ്ഞു.

# ലിറ്റർജിക്കൽ റിസർച്ച് സെന്റർ സെമിനാർ

**കൊച്ചി:** സീറോമലബാർസഭയുടെ ഗവേഷണ പഠനകേന്ദ്രമായ ലിറ്റർജിക്കൽ റിസർച്ച് സെന്റർ സംഘടിപ്പിക്കുന്ന 62മത് സെമിനാർ സഭാ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. 'മിഷൻ ട്രഷറീസ് ഓഫ് സീറോമലബാർ ചർച്ച്: ഹിസ്റ്റോറിക്കൽ ഓവർവ്യൂ' എന്ന വിഷയത്തെ ആസ്പദമാക്കി 12 പ്രബന്ധങ്ങളാണ് മൂന്നു ദിവസങ്ങൾ നീണ്ടുനിൽക്കുന്ന ഈ സെമിനാറിൽ അവതരിപ്പിക്കപ്പെടുന്നത്. എൽ.ആർ.സി. ചെയർമാൻ മാർ ടോണി നീലങ്കാവിൽ ആമുഖ സന്ദേശം നൽകി.എപ്പിസ്കോപ്പൽ മെമ്പർ മാർ ജോസ് പുളിക്കൽ, കുരിയാ ബിഷപ് മാർ സെബാസ്റ്റ്യൻ വണിയപുരയ്ക്കൽ സന്ദേശങ്ങൾ നൽകി. സീറോമലബാർസഭയുടെ വിവിധ രൂപതകളിൽനിന്നുള്ള പ്രതിനിധികളാണ് സെമിനാറിൽ പങ്കെടുക്കുന്നത്. എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജോജി കല്ലിങ്ങൽ എന്നിവർ സെമിനാറിന് നേതൃത്വം നൽകുന്നു.

# ഡിഇഎഫ് പുറത്തിറക്കി എച്ച്പിസിഎല്ലും ടാറ്റാ മോട്ടോർസും

**കൊച്ചി:** മഹാരത്ന ഓയിൽ കമ്പനിയായ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡും ഇന്ത്യയിലെ ഏറ്റവും വലിയ വാണിജ്യ വാഹന നിർമ്മാതാക്കളായ ടാറ്റ മോട്ടോർസ് സംയുക്തമായി ചേർന്നുകൊണ്ട് ജെനുവിൻ ഡീസൽ എക്സ്ഹോസ്റ്റ് ഫ്ലൂയിഡ് വിപണിയിലിറക്കി. ഉന്നത നിലവാരമുള്ള ഈ ഡി ഇ എഫ് സൊല്യൂഷൻ വാഹനങ്ങളുടെ ഒപ്ടിമൽ പ്രകടനത്തെ ഉയർത്തുകയും ഡ്രൈവ് ട്രെയിൻ കാര്യക്ഷമമാക്കുകയും ഒപ്പം വാഹനങ്ങൾ ദീർഘകാലം നീണ്ടുനിൽക്കുന്നതിനും സഹായിക്കുമെന്നും ടാറ്റാ മോട്ടോഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ ഗിരീഷ് വാഘ് പറഞ്ഞു.

രാജ്യത്തുടനീളമുള്ള 23,000 ഇന്ധന സ്റ്റേഷനുകളിൽ ഉള്ള എച്ച്പിസിഎല്ലിന്റെ വിപുലമായ റീട്ടെയിൽ ശൃംഖല വഴി ബി ഐ എസ് അംഗീകൃത സൗകര്യങ്ങളിൽ ഉത്പാദിപ്പിക്കുന്ന ഡി ഇ എഫ് ഉപഭോക്താക്കളിലേക്ക് വളരെ വേഗത്തിൽ ലഭ്യമാക്കുന്നു. ആധുനിക ബി എസ് 6 കംപ്ലൈന്റ് ഡീസൽ വാഹനങ്ങൾക്ക് വളരെ പ്രധാനപ്പെട്ട ഘടകമെന്ന നിലയിൽ ഡി ഇ എഫ് പ്രകൃതിക്ക് ദോഷകരമായ നൈട്രജൻ ഓക്സൈഡുകളെ വിഘടിപ്പിച്ച് സുരക്ഷിതവും ശുദ്ധവും ആയ നൈട്രജനും വെള്ളവും ആക്കി മാറ്റുന്നതിൽ വലിയ പങ്കാണ് വഹിക്കുന്നത്.




ഇത് ഉപയോഗിക്കുന്നതിലൂടെ വാഹനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക മാത്രമല്ല അതുവഴി പാരിസ്ഥിതിക ആഘാതങ്ങളെ കുറയ്ക്കുന്നതിൽ ഉപഭോക്താക്കളെ പങ്കാളികളാക്കുകയും ചെയ്യുന്നുണ്ട്. 23,000ത്തിലധികം റീട്ടെയിൽ ഔട്ട്ലെറ്റുകളുടെ വിപുലമായ വിതരണ ശൃംഖലയും ടാറ്റാ മോട്ടോഴ്സിൻറെ സാങ്കേതികമികവും കൂടിച്ചേരുമ്പോൾ ഉന്നത നിലവാരത്തിലുള്ള പരിസ്ഥിതി സൗഹൃദപരമായ സേവനം ഉപഭോക്താക്കൾക്ക് നൽകാൻ സാധിക്കുമെന്ന് ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ മാർക്കറ്റിംഗ് ഡയറക്ടർ അമിത് ഗാർഗ് പറഞ്ഞു.

# ഇന്ത്യൻ സംഗീതത്തിന് സർക്കാരിന്റെ പിന്തുണ നിർണായകമെന്ന് ദേശീയ സർവേ

**കൊച്ചി:** ഇന്ത്യൻ സംഗീതം ആഗോളതലത്തിലേക്ക് എത്തിക്കാൻ സർക്കാരിന്റെ പിന്തുണ നിർണായകമാണെന്ന് സംഗീതജ്ഞർ.പൊതുനയ ഗവേഷണ സ്ഥാപനമായ ദ ഡയലോഗ് ഇന്ത്യയിലെ സംഗീത വ്യവസായത്തിലെ മാറ്റങ്ങളെ വിലയിരുത്തുന്ന ട്യൂണിംഗ് ഇൻ ടു ചേഞ്ച്: എംപിരിക്കൽ ഇൻസൈറ്റ്സ് ഇൻ ടു ഇന്ത്യസ് ഇവോൾവിംഗ് മ്യൂസിക് ഇൻഡസ്ട്രി 1,200 ഇന്ത്യൻ കലാകാരന്മാരെ ഉൾപ്പെടുത്തി നടത്തിയ പിയർറിവ്യൂഡ് പഠനത്തിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്.ഇന്ത്യൻ സംഗീത നിർമ്മാണത്തിന്റെ വളർച്ച, സാംസ്കാരിക നയതന്ത്രത്തിലെ അതിന്റെ പങ്ക്, പ്രാദേശിക പ്രതിഭകളുടെ ഉയർച്ച, കൂടാതെ ദീർഘകാല സ്ഥിരതക്കായി പരിഹരിക്കേണ്ട ഘടകങ്ങൾ എന്നിവ ചർച്ച ചെയ്തു.രാജ്യത്തെ 21 ഭാഷകളിലെ കലാകാരന്മാരെ ഉൾപ്പെടുത്തി നടത്തിയ ഈ പഠനം ഇന്ത്യൻ സംഗീത രംഗം ആഗോളതലത്തിൽ കൂടുതൽ ഉയർന്നിടാനായുള്ള മാർഗ്ഗങ്ങളും പ്രധാന പ്രവണതകളും നയപരമായ ശുപാർശകളും അവതരിപ്പിച്ചു.ഇന്ത്യൻ സംഗീതജ്ഞർക്കിടയിൽ നിലനിൽക്കുന്ന ആശങ്ക സർവേയിൽ എടുത്തു കാണിക്കുന്നു. ഏകദേശം നാലിൽ മൂന്ന് (72 ശതമാനം) പേരും ഇത്തരം മാനദണ്ഡങ്ങൾ പാലിക്കേണ്ട ആവശ്യകതകൾ സംഗീത നിർമ്മാണത്തെ ബാധിക്കാമെന്നും, റിലീസുകൾ വൈകിപ്പിക്കാമെന്നും കരുതുന്നു. ഈ നിയമങ്ങൾ നിലവിൽ വന്നാൽ ആഗോളതലത്തിൽ സഹകരണമൊരുക്കാൻ കൂടുതൽ ബുദ്ധിമുട്ടാകുമെന്ന് 77 ശതമാനം പേരും ആശങ്കപ്പെടുന്നു.രണ്ടാമതായി ഇന്ത്യൻ സംഗീത വ്യവസായത്തിലെ സർഗ്ഗാത്മകതയ്ക്കും വൈവിധ്യത്തിനും നിയന്ത്രണങ്ങൾ സംബന്ധിച്ച് 82 ശതമാനം പേരും ഏതെങ്കിലും പുതിയ മാനദണ്ഡങ്ങൾ പാലിക്കേണ്ടത് റിലീസിന് മുൻപുള്ള പരിശോധനകളോ നിർദ്ദിഷ്ട മാനദണ്ഡങ്ങളുമായി യോജിക്കുന്നതോ സംഗീത വൈവിധ്യത്തെയും സർഗ്ഗാത്മകമായ വ്യക്തിത്വത്തെയും പരിമിതപ്പെടുത്തുമെന്ന് വിശ്വസിക്കുന്നു. ഈ സാഹചര്യത്തിൽ കലാപരമായ നവീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം വഴക്കമുള്ളതും സന്തുലിതവുമായ ഒരു ചട്ടക്കൂട് ആവശ്യമാണെന്ന് വ്യവസായത്തിലെ ഭൂരിപക്ഷ അഭിപ്രായം വ്യക്തമാക്കുന്നു.ഇന്ത്യ അഭൂതപൂർവമായ ഒരു സംഗീത നവോത്ഥാനത്തിന് സാക്ഷ്യം വഹിക്കുകയാണ്. സമകാലിക ഇന്ത്യൻ സംഗീത വ്യവസായത്തിൻറെ ചൈതന്യത്തെ ദോഷകരമായി ബാധിക്കാതെയാണ് സംരക്ഷിക്കുകയും ശാക്തീകരിക്കുകയും ചെയ്യുന്ന ചട്ടക്കൂടുകൾ നടപ്പിലാക്കുക എന്നതാണ് ഇപ്പോഴത്തെ വെല്ലുവിളിയെന്ന് ഡയലോഗിൻറെ സ്ഥാപകൻ കാസിം റിസ്വി പറഞ്ഞു. ഓൺലൈനിൽ സ്ട്രീം ചെയ്യുന്ന സംഗീതത്തിന് റിലീസിന് മുമ്പുള്ള പരിശോധന നിർബന്ധമാക്കിയാൽ മാനദണ്ഡങ്ങൾ പാലിക്കാനുള്ള ചെലവുകൾ അവരുടെ ബജറ്റിനെ ബാധിക്കുമെന്ന് 80 ശതമാനം കലാകാരന്മാരും അഭിപ്രയപ്പെട്ടു. കൂടാതെ 75 ശതമാനം സംഗീതജ്ഞർ ഇത്തരത്തിലുള്ള റിലീസ് മുൻ പരിശോധന നടപടികൾ പ്രവർത്തന സങ്കീർണത വർദ്ധിപ്പിക്കുകയും ആവിഷ്കാരത്തെ തടസ്സപ്പെടുത്തുകയും ചെയ്യുമെന്ന് ആശങ്ക പ്രകടിപ്പിച്ചു.51 ശതമാനം സംഗീതജ്ഞരും പ്രവേശന തടസ്സങ്ങൾ കുറയ്ക്കുകയും സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളിലേക്ക് എളുപ്പത്തിലുള്ള പ്രവേശനം ഉറപ്പാക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത എടുത്തു പറഞ്ഞു. 48 ശതമാനം പേരും ഇന്ത്യയിലെ ലൈവ് മ്യൂസിക് രംഗത്തെ അടിസ്ഥാനസൗകര്യ വിടവുകൾ എടുത്തു കാണിച്ചു. പ്രദർശന വേദികളിലും സാങ്കേതിക സൗകര്യങ്ങളിലും നിക്ഷേപത്തിന് വലിയ അവസരങ്ങളുണ്ടെന്ന് സൂചിപ്പിക്കുകയും ചെയ്തു.ദ ഡയലോഗിലെ പ്രണവ് ഭാസ്കർ തിവാരിയും ഗരിമ സക്സേനയും ചേർന്ന് തയ്യാറാക്കിയ റിപ്പോർട്ടിൽ റെക്കോർഡിംഗ് സ്റ്റുഡിയോകളിൽ നിക്ഷേപം നടത്തിയും, ഘടനാപരമായ പരിശീലന സംരംഭങ്ങളും സർക്കാർ പിന്തുണയുള്ള ഗ്രാൻറുകളും നൽകിയും പ്രാദേശിക കലാകാരന്മാരെ ശാക്തീകരിക്കാൻ ശുപാർശ ചെയ്യുന്നു. ആഗോള സംഗീതത്തിൽ ഇന്ത്യയുടെ സ്വാധീനം ഉയർത്താൻ കൂടുതൽ അന്താരാഷ്ട്ര സഹകരണങ്ങൾ, സംഗീതോത്സവങ്ങളിൽ സർക്കാർ സൗകര്യമൊരുക്കുന്ന പങ്കാളിത്തം, സംഗീത ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ ആവശ്യകത റിപ്പോർട്ട് എടുത്തു കാണിക്കുന്നു. ഡിജിറ്റൽ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഐടി നിയമങ്ങൾ 2021 അനുസരിച്ച് വ്യവസായം ഇതിനകം പ്രവർത്തിക്കുന്നതിനാൽ കൂടുതൽ നിയന്ത്രണ മാനദണ്ഡങ്ങൾ കൊണ്ടുവരുന്നത് ഈ വളർച്ചയെ ബാധിക്കാമെന്ന് സർവേയിലെ കലാകാരന്മാർ മുന്നറിയിപ്പ് നൽകി.



സൊസൈറ്റി ടുഡേ
SOCIETY TODAY




# സ്മാർട്ട് ഫോൺ സർവ്വീസ് സെന്ററുകളെ നവീകരിച്ച് സാംസങ്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ കൺസ്യൂമർ ഇലക്ട്രോണിക്സ് ബ്രാൻഡായ സാംസങ് തങ്ങളുടെ സർവീസ് സെന്ററുകൾ സമഗ്രമായി നവീകരിച്ച് സ്മാർട്ട്ഫോൺ ഉപഭോക്താക്കളുടെ സേവനാനുഭവം മെച്ചപ്പെടുത്തുന്നു. പ്രീമിയം കസ്റ്റമർ കെയറിന് മുൻഗണന നൽകി വിൽപ്പനാനന്തര സേവന പിന്തുണ മികവുറ്റതാക്കുന്നതിനുള്ള സാംസങ്ങിന്റെ പ്രതിബദ്ധത ശക്തിപ്പെടുത്തുന്നതിനായി സേവന വിൽപ്പന യാത്ര സുഗമമാക്കുകയാണ് ഈ സംരംഭത്തിന്റെ ലക്ഷ്യമെന്ന് സാംസങ് ഇന്ത്യയുടെ കസ്റ്റമർ സാറ്റിസ്ഫാക്ഷൻ വി പി സുനിൽ കുടിൻഹ പറഞ്ഞു.

നവീകരിച്ച കേന്ദ്രങ്ങൾ പരമ്പരാഗത ലേഔട്ടുകളിൽ നിന്ന് വേർപെട്ട്, ഇൻബിൽറ്റ് വയർലെസ് ചാർജിംഗ് സ്റ്റേഷനുകളുള്ള പ്ലഷ്, സോഫസ്റ്റൈൽ ഇരിപ്പിടങ്ങൾ അവതരിപ്പിച്ച് ലോഞ്ച് പോലുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നു. പുനർരൂപകൽപ്പന ചെയ്ത ആക്സസറി വാളുകൾ സാംസങ്ങിന്റെ വിപുലമായ വെയറബിളുകൾ പ്രദർശിപ്പിക്കുന്നു. അതേ സമയം അൾട്രാലാർജ് ഡിജിറ്റൽ സ്ക്രീനുകൾ ഏറ്റവും പുതിയ ഉൽപ്പന്ന കണ്ടുപിടുത്തങ്ങൾ അവതരിപ്പിക്കുന്നു. ഇത് സന്ദർശകർക്ക് അതിശയകരമായ അനുഭവം നൽകുന്നുവെന്നും വി പി സുനിൽ കുടിൻഹ പറഞ്ഞു.ഉപഭോക്തൃ ഇടപെടലുകൾ മെച്ചപ്പെടുത്തുന്നതിന്, ഉൽപ്പന്ന പിന്തുണാ വിദഗ്ധരുമായി ബന്ധപ്പെടാനും പുതിയ ഉൽപ്പന്ന ലോഞ്ചുകൾ, എക്സ്ക്ലൂസീവ് ഓഫറുകൾ കിഴിവുകൾ എന്നിവകളെ പറ്റി അപ്ഡേറ്റഡ് ആയിരിക്കാനും പ്രത്യേക കിയോസ്കുകൾ സന്ദർശകരെ പ്രാപ്തരാക്കും. ഓൺലൈൻ അപ്പോയിന്റ്മെന്റ് ബുക്കിംഗ് സംവിധാനം ഉപഭോക്താക്കളെ അവരുടെ സന്ദർശനങ്ങൾ മുൻകൂട്ടി ഷെഡ്യൂൾ ചെയ്യാൻ അനുവദിക്കുകയും കുറഞ്ഞ കാത്തിരിപ്പ് സമയത്തോടെ തടസ്സരഹിതമായ അനുഭവം ഉറപ്പാക്കുകയും ചെയ്യും.ഫിസിക്കൽ സർവീസ് സെന്ററുകൾ, റസിഡന്റ് എഞ്ചിനീയർമാർ, കളക്ഷൻ പോയിന്റുകൾ എന്നിവയുൾപ്പെടെ ഇന്ത്യയിലുടനീളം 3,000ലധികം സർവീസ് ടച്ച് പോയിന്റുകൾ സാംസങ് നിലവിൽ പ്രവർത്തിപ്പിക്കുന്നുണ്ട്. സേവന കേന്ദ്രത്തിന്റെ പുനർരൂപകൽപ്പന ഘട്ടം ഘട്ടമായി പ്രധാന നഗരങ്ങളിലുടനീളം നടപ്പാക്കുകയും രാജ്യവ്യാപകമായി മെച്ചപ്പെട്ട ഉപഭോക്തൃ അനുഭവം ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് സാംസങ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

# പുത്തൻ എക്സ് സി 90 പുറത്തിറക്കി വോൾവോ കാർ ഇന്ത്യ



**കൊച്ചി:** ആഡംബര എസ്യുവികൾക്ക് പുത്തൻ മാതൃകയുമായി വോൾവോയുടെ എക്സ് സി 90 വിപണിയിലേക്ക്. 1,02,89,900 യാണ് വില. ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെട്ടതും അവാർഡുകൾ സ്വന്തമാക്കിയ ശ്രദ്ധേയമായ എസ്യുവി എന്ന നിലയിൽ എക്സ് സി 90 നൂതന സാങ്കേതികവിദ്യയുടെയും മികച്ച ഡിസൈനുകളുടെയും ഒരു പുത്തൻ പരീക്ഷണമാണ്. ന്യൂഡൽഹിയിലെ സ്വീഡൻ എംബസിയിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ ഹിസ് എക്സലൻസി ജാൻ തെസ്ലഫ്, വോൾവോ കാർ ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടർ ജ്യോതി മൽഹോത്ര എന്നിവർ പങ്കെടുത്തു. വോൾവോ ബ്രാൻഡിന്റെ മുഖമുദ്രകളായ പുതുമയും സുരക്ഷയും ഉൾക്കൊള്ളിച്ച് ആഡംബരത്തിന്റെയും ഡിസൈനിന്റെയും പുത്തൻമാതൃകയിലാണ് ഈ എസ്യുവി നിർമ്മിച്ചിരിക്കുന്നതെന്ന് വോൾവോ കാർ ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടർ ജ്യോതി മൽഹോത്ര പറഞ്ഞു.

വിശാലവും മികച്ച യാത്ര സുഖവും നൽകുന്നതും മറ്റു നിരവധി കാര്യങ്ങളിൽ മികച്ച സംവിധാനം ഏർപ്പെടുത്തിക്കൊണ്ടുമാണ് തഇ90 വിപണിയിലേക്ക് എത്തുന്നത്. മികച്ച രീതിയിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ മോഡൽ നിരത്തുകളിൽ ശക്തമായ സാന്നിധ്യം അറിയിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.എല്ലാം വോൾവോയിലെയും പോലെ റോഡിൽ ഏറ്റവും സുരക്ഷിതമായ വാഹനങ്ങളിൽ ഒന്നായാണ് പുതിയ തഇ90യും രൂപകല്പന ചെയ്തിരിക്കുന്നത്. ശക്തമായ ഒരു സേഫ്റ്റി കേജും സജീവമായ സുരക്ഷ സാങ്കേതിക വിദ്യകളും ഉൾക്കൊള്ളിച്ചുകൊണ്ട് യാത്രക്കാരുടെയും മറ്റ് റോഡ് ഉപയോക്താക്കളുടെയും സംരക്ഷണം ഇത് ഉറപ്പാക്കുന്നുണ്ട്. റഡാറും ഫ്രണ്ട് ക്യാമറയും ഉപയോഗിച്ചുകൊണ്ട് പുതിയ എക്സ് സി90ന് അപ്രതീക്ഷിത ലൈൻ ഡ്രിഫ്റ്റുകൾ കണ്ടെത്താനും വാഹനത്തെ അതിനനുസരിച്ച് സ്വയം തിരിച്ചുവിട്ട് അപകടസാധ്യത തടയാനും സാധിക്കും. മാത്രമല്ല, മറ്റു വാഹനങ്ങൾ, കാൽനടയാത്രക്കാർ, സൈക്കിൾ യാത്രക്കാർ, വലിയ മൃഗങ്ങൾ എന്നിവയെ കണ്ടെത്തി അതിനനുസരിച്ച് പ്രതികരിക്കാനും കഴിയുന്ന റൺ ഓഫ് റോഡ് മിറ്റിഗേഷനും കൂട്ടിയിടിക്കുന്നത് ഒഴിവാക്കാൻ സാധിക്കുന്ന സംവിധാനങ്ങളും ഉണ്ട്. പുത്തൻ വെർട്ടിക്കൽ എയർവെന്റുകളും പ്രീമിയം റീസൈക്കിൾഡ് ഉൽപന്നങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഡെക്കറേറ്റീവ് പാനലുകളും ഉള്ള ഹോറിസോണ്ടൽ ഡാഷ്ബോർഡും, സ്കാന്റനേവിയൻ കന്റംപ്രറി ഡിസൈനിലുമാണ് പുതിയ എക്സി 90യിൽ രൂപകൽപ്പന ചെയ്തിട്ടുള്ളത്.

## വനിത ദിനത്തിൽ സ്ത്രീകൾക്ക് ആദരവുമായി ഗോദ്റെജ്

**കൊച്ചി:** പ്രമുഖ മാർക്കറ്റ് കമ്പനിയായ ഗോദ്റെജ് കൺസ്യൂമർ പ്രൊഡക്റ്റ്സ് ലിമിറ്റഡ് 2025ലെ അന്താരാഷ്ട്ര വനിത ദിനത്തിൽ 'വിമൻആലി: അലീസ് ഇൻ ആക്ഷൻ' എന്ന പേരിൽ ഒരു മാസം നീണ്ടു നിൽക്കുന്ന പരിപാടിയിലൂടെ വനിതകളെ ആദരിക്കുന്നു. ഏഷ്യ (ഇന്ത്യ, ഇന്തോനേഷ്യ, ബംഗ്ലാദേശ്, ശ്രീലങ്ക, യുഎഇ), ആഫ്രിക്ക (ദക്ഷിണാഫ്രിക്ക, നൈജീരിയ, കെനിയ, ഘാന), ലാറ്റിൻ അമേരിക്ക (അർജൻറീന, ചിലി) എന്നിവിടങ്ങളിലെ വനിതകളെയും അനുബന്ധിച്ചുള്ളവരെയുമാണ് ആദരിക്കുന്നത്. നീതിക്കു വേണ്ടി വാദിക്കുന്നവരും സ്ത്രീകൾക്ക് അനുയോജ്യമായ ജോലി സ്ഥലവും പിന്തുണയും നൽകുന്നവരും സജീവ പ്രവർത്തനങ്ങളിലുള്ളവരും സംഘടനയ്ക്ക് അകത്തും പുറത്തുമുള്ള വ്യക്തികളെ തിരിച്ചറിഞ്ഞ് ആദരിക്കുന്നതാണ് സംരംഭം.

## സമ്പാദ്യ പദ്ധതി അവതരിപ്പിച്ച് ഐസിഐസിഐ പ്രു

**തൃശൂർ:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്, ദീർഘകാല (ലോങ്ടേം) സേവിങ്സ് ഉൽപ്പന്നമായ ഐസിഐസിഐ പ്രു ഗിഫ്റ്റ് സെലക്ട് അവതരിപ്പിച്ചു. ഉപഭോക്താക്കൾക്ക് ഗ്യാരണ്ടീഡ് വരുമാനം എപ്പോൾ ആരംഭിക്കണമെന്ന് തിരഞ്ഞെടുക്കാൻ അവസരം നൽകുന്ന ഈ ഉത്പന്നം ഗ്യാരണ്ടീഡ് വരുമാനത്തിന്റെ ദൈർഘ്യം, കാലാവധി പൂർത്തിയാകുമ്പോൾ അവർക്ക് ലഭിക്കാവുന്ന തുക എന്നിവ പോലുള്ള ഒന്നിലധികം ഫ്ളെക്സിബിലിറ്റികളും വാഗ്ദാനം ചെയ്യുന്നതായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് പ്രൊഡക്റ്റ് ആൻഡ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ അമിത് പാൽട്ട പറഞ്ഞു. കൂടാതെ, ലൈഫ് കവർ ഘടകഭാഗം കുടുംബത്തിന് സാമ്പത്തിക സുരക്ഷയും ഉറപ്പാക്കുന്നു. വർധിച്ചുവരുന്ന വരുമാന ഓപ്ഷനാണ് ഉൽപ്പന്നത്തിന്റെ സവിശേഷ ഫീച്ചറുകളിലൊന്ന്. ഇതിൽ വരുമാനം പ്രതിവർഷം 5% കോമ്പൗണ്ടിങ് നിരക്കിൽ വർധിക്കുകയും അതുവഴി പണപ്പെരുപ്പം നിയന്ത്രിക്കാൻ ഉപഭോക്താക്കളെ സഹായിക്കുകയും ചെയ്യും. ഈ അതുല്യ ഉൽപ്പന്നം ഞങ്ങളുടെ ഉപഭോക്താക്കൾക്ക് അവരുടെ ജീവിത ലക്ഷ്യങ്ങളും പണമൊഴുക്ക് ആവശ്യകതകളും അനുസരിച്ച് ഇഷ്ടാനുസൃതമാക്കാൻ കഴിയുന്ന ഗ്യാരണ്ടീഡ് വരുമാനത്തിന്റെ പ്രയോജനം നേടാൻ സഹായകരമാവുമെന്ന് അമിത് പാൽട്ട പറഞ്ഞു. 2025 സാമ്പത്തിക വർഷത്തിലെ ആദ്യ 9 മാസത്തിൽ ഞങ്ങൾ നേടിയ 99.3% എന്ന ക്ലെയിം സെറ്റിൽമെന്റ് അനുപാതത്തിൽ ഞങ്ങളുടെ ഉപഭോക്താക്കൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റുന്നതിനുള്ള ഞങ്ങളുടെ പ്രതിബദ്ധത പ്രതിഫലിക്കുന്നുണ്ട്. ശരാശരി ക്ലെയിം തീർപ്പാക്കൽ സമയം (അന്വേഷണം ആവശ്യമില്ലാത്ത ക്ലെയിമുകളിൽ) വെറും 1.2 ദിവസമാണെന്നതും എടുത്തുപറയേണ്ടതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## വനിതാ ദിനം: വനിത സംരംഭകരുടെ ഉൽപ്പന്നങ്ങളുടെ ശ്രേണിയുമായി ആമസോൺ

**കൊച്ചി:** അന്താരാഷ്ട്ര വനിത ദിനത്തോടനുബന്ധിച്ച് ആമസോൺ ഇന്ത്യ വനിത സംരംഭകരുടെ രണ്ടു ലക്ഷത്തിലധികം വരുന്ന ഉൽപ്പന്നങ്ങളുടെ ശ്രേണി അവതരിപ്പിക്കുന്നു. ആരോഗ്യപ്രദമായ ലഘുഭക്ഷണങ്ങൾ, ഗൃഹാലങ്കാരങ്ങൾ, സാരികൾ, ചർമ്മ സംരക്ഷണം, അടുക്കള ഉപകരണങ്ങൾ, ഫാഷൻ, കായിക വസ്ത്രങ്ങൾ തുടങ്ങി വിവിധ വിഭാഗങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ രാജ്യത്തെ 100 ശതമാനം സേവനയോഗ്യമായ പിൻ കോഡുകളിലും ഉപഭോക്താക്കൾക്ക് ലഭ്യമാകും.

ഇന്ത്യയിലെ വനിത സംരംഭകരുടെ കഠിനാദ്ധ്വാനവും സർഗാത്മകതയും തിരിച്ചറിയാൻ ലഭിക്കുന്ന അവസരമാണ് അന്താരാഷ്ട്ര വനിത ദിനമെന്നും ബിസിനസ് വളർച്ചയ്ക്ക് ഇകൊമേഴ്സ് ഉപയോഗിക്കുകയും പ്രാദേശിക പാരമ്പര്യങ്ങൾ നിലനിർത്തുകയും ചെയ്യുന്ന വനിതകളുടെ ഉൽപ്പന്നങ്ങൾ മുന്നിലേക്ക് അണിനിരത്തുകയാണ് തങ്ങളെന്നും വനിതകൾ നയിക്കുന്ന ചെറുകിട,ഇടത്തരം ബിസിനസുകളെ ആമസോൺ പിന്തുണയ്ക്കുന്നുവെന്നും ഡിജിറ്റൽ ടൂളുകളിലൂടെ രാജ്യം മുഴുവൻ എത്തിപ്പെടാൻ അവരെ സഹായിക്കുകയാണെന്നും വരും വർഷങ്ങളിൽ വനിതകൾക്ക് കൂടുതൽ അവസരമൊരുക്കി ഇന്ത്യൻ സമ്പദ്രംഗത്തിന് ശക്തമായ സംഭാവന നൽകാൻ ഇവർക്ക് സാധ്യമാകട്ടെയെന്നും പ്രതീക്ഷിക്കുന്നതായി ആമസോൺ ഇന്ത്യ സെയിൽസ് ഡയറക്ടർ ഗൗരവ് ഭട്നഗർ പറഞ്ഞു.



# ഫ്യൂച്ചർ ജനറാലി ഇന്ത്യ ഇൻഷുറൻസ് വനിതാ ശാഖ ശക്തി കൊച്ചിയിൽ തുറന്നു

**കൊച്ചി:** പ്രമുഖ ഇൻഷുറൻസ് ദാതാക്കളായ ഫ്യൂച്ചർ ജനറാലി ഇന്ത്യ ഇൻഷുറൻസിന്റെ ആദ്യവനിതാ ശാഖയായ 'ശക്തി' കൊച്ചിയിൽ ആരംഭിച്ചു. കൊച്ചി എം.ജി. റോഡിലെ പുളിക്കൽ എസ്റ്റേറ്റിന്റെ അഞ്ചാം നിലയിൽ സ്ഥിതി ചെയ്യുന്ന ശാഖയുടെ ഉദ്ഘാടനം ഫ്യൂച്ചർ ജനറാലി ഇന്ത്യ ഇൻഷുറൻസിന്റെ എംഡിയും സിഇഒയുമായ അനൂപ് റാവു നിർവഹിച്ചു.ഇന്ത്യയിലെ ആദ്യ വനിതാ ശാഖ കൊച്ചിയിൽ തുടങ്ങാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

സാമ്പത്തിക സേവന മേഖലയിൽ സ്ത്രീകൾ ആത്മവിശ്വാസത്തോടെ നേതൃത്വം നൽകുകയും അർത്ഥവത്തായ സ്വാധീനം ചെലുത്തുകയും ചെയ്യുന്ന ഒരു അന്തരീക്ഷം വളർത്തിയെടുക്കാനുള്ള കമ്പനിയുടെ പ്രതിബദ്ധതയുടെ തുടക്കമാണ് 'ശക്തി' ശാഖ.വിദഗ്ധ ഇൻഷുറൻസ് പരിഹാരങ്ങൾ നൽകുന്നതിനോടൊപ്പം വ്യവസായത്തിൽ സ്ത്രീകളുടെ കൂടുതൽ പ്രാതിനിധ്യത്തിന് വഴിയൊരുക്കും. ഇൻഷുറൻസ്, സാമ്പത്തിക സേവന മേഖലകളിൽ കൂടുതൽ സ്ത്രീകൾ കരിയർ പിന്തുടരാൻ ഈ സംരംഭം പ്രചോദിപ്പിക്കുമെന്നും എഫ്ജിഐഐയിലെ അടുത്ത തലമുറ വനിതാ നേതാക്കളെ പരിപോഷിപ്പിക്കുമെന്നും പ്രതീക്ഷിക്കുന്നതായി അദ്ദേഹം പറഞ്ഞു.ചീഫ് മാർക്കറ്റിംഗ്, കസ്റ്റമർ ആൻഡ് ഇംപാക്ട് ഓഫീസർ ശ്രീമതി. രുചിക വർമ്മ, ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ രാമിത്ത് ഗോയൽ, ചീഫ് പീപ്പിൾ ആൻഡ് ഓർഗനൈസേഷൻ ഓഫീസർ അക്ഷയ് കശ്യപ്, ചീഫ് ഇന്റേണൽ ഓഡിറ്റ് ഓഫീസർ റിതു സേത്തി, ജനറൽ കൗൺസിൽ, ചീഫ് റെഗുലേറ്ററി അഫയേഴ്സ് ആന്റ് കമ്പനി സെക്രട്ടറി ആശിഷ് ലഖ്താകിയ എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.

# മുത്തൂറ്റ് മൈക്രോഫിന് ഇ കെവൈസി ലൈസൻസ്

**കൊച്ചി:** പ്രമുഖ മൈക്രോ ഫിനാൻസ് സ്ഥാപനമായ മുത്തൂറ്റ് മൈക്രോഫിൻ ഉപഭോക്താക്കളെ ചേർക്കുന്നതിനായി ആധാർ സജ്ജമായ ഇ കെവൈസി ചെയ്യുന്നതിനുള്ള അനുമതി നേടിയതായി മുത്തൂറ്റ് മൈക്രോഫിൻ സിഇഒ സദാഫ് സയീദ് പറഞ്ഞു..ഇതിലൂടെ കമ്പനി സമ്പൂർണ്ണ ഡിജിറ്റൽ ഇകെവൈസി പ്രക്രിയ അവതരിപ്പിക്കാൻ തയ്യാറെടുക്കുകയാണ്.ഇത് ഇന്ത്യയിലുട നീളമുള്ള ഗ്രാമീണ വനിതാ സംരംഭകർക്കും, ജോയിൻറ് ലെൻഡിംഗ് ഗ്രൂപ്പുകൾക്കും (ജെഎൽജി) മറ്റ് പിന്നോക്കം നിൽക്കുന്ന സമൂഹങ്ങൾക്കും തടസ്സമില്ലാത്തതും പേപ്പർ രഹിതവുമായ ഓൺബോർഡിംഗ് സാധ്യമാക്കും.

ഇ കെവൈസി ലൈസൻസ് ലഭിച്ചതോടെ ആധാർ അടിസ്ഥാനമാക്കിയുള്ള ഓതൻറിക്കേഷൻ, ബയോമെട്രിക് പരിശോധന, ഒടിപി അടിസ്ഥാനമാക്കിയുള്ള വാലിഡേഷൻ എന്നിവ ഉപയോഗിച്ച് മുത്തൂറ്റ് മൈക്രോഫിൻ വേഗമേറിയതും സുരക്ഷിതവുമായ ഡിജിറ്റൽ ഓൺബോർഡിംഗ് പ്രക്രിയ ഉടൻ പുറത്തിറക്കും. കൃത്യമായ ഉപഭോക്തൃ തിരിച്ചറിയൽ ഉറപ്പാക്കുന്നതിലൂടെ മൈക്രോ ഫിനാൻസ് മേഖലയിലെ അമിത കടബാധ്യതയുടെ വർദ്ധിച്ചുവരുന്ന പ്രശ്നത്തിന് ഒരു നിർണായക പരിഹാരമായി ഇകെവൈസി മാറും. ഇത് വായ്പ നൽകുന്നവരെ വായ്പയെടുക്കുന്നവരുടെ ധനകാര്യ ബാധ്യത ഫലപ്രദമായി വിലയിരുത്താനും സാമ്പത്തിക റിസ്ക് കുറക്കാനും സഹായിക്കുന്നു. ഈ പദ്ധതി കടലാസ് രേഖകളുടെ ആവശ്യം ഇല്ലാതാക്കുകയും പ്രക്രിയ ലളിതമാക്കുന്നതിനൊപ്പം മെച്ചപ്പെട്ട സൗകര്യവും ഡാറ്റാ സുരക്ഷയും ഉറപ്പാക്കുകയും ചെയ്യും.ഗ്രാമീണമേഖലയിലെ ആളുകൾ നേരിടുന്ന പ്രധാന സാമ്പത്തിക വെല്ലുവിളിക്ക് പരിഹാരമായാണ് ഇകെവൈസി പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. സാമ്പത്തിക സേവനങ്ങളിലേക്കുള്ള പരിമിതമായ പ്രവേശനം, സമയമെടുക്കുന്ന ഓൺബോർഡിംഗ്, തിരിച്ചറിയൽ പരിശോധനയിലെ തടസ്സങ്ങൾ എന്നിവ ഉൾപ്പെടുന്നു.

ഡിജിറ്റൽ സാമ്പത്തിക സേവനങ്ങൾ ആത്മവിശ്വാസത്തോടെ കൈകാര്യം ചെയ്യാൻ സഹായിക്കുന്നതിനായി പ്രാദേശിക ഭാഷകളിൽ സാമ്പത്തിക അവബോധം വർദ്ധിപ്പിക്കുന്ന പദ്ധതികളും കമ്പനി അവതരിപ്പിക്കും.മുത്തൂറ്റ് മൈക്രോഫിൻ പ്രവർത്തിക്കുന്ന എല്ലാ സംസ്ഥാനങ്ങളിലും ഇകെവൈസി പദ്ധതി നടപ്പാക്കും.

പദ്ധതി ആരംഭിച്ചുകഴിയുമ്പോൾ ഉപഭോക്താക്കൾക്ക് ഡിജിറ്റലായി ഓൺബോർഡ് ചെയ്യാനും മൈക്രോലോണുകളും ഇൻഷുറൻസും ഉൾപ്പെടെയുള്ള വിവിധ സാമ്പത്തിക സേവനങ്ങൾ നേടാനും സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കാനും കഴിയും.ഗ്രാമീണ സമൂഹങ്ങൾക്ക് സാമ്പത്തിക സേവനങ്ങൾ എളുപ്പത്തിലും സുരക്ഷിതമായും കാര്യക്ഷമമായും ലഭ്യമാക്കാൻ പ്രതിജ്ഞാബദ്ധരാണ്.

ഇ കെവൈസി ലൈസൻസ് കൂടുതൽ സാമ്പത്തിക ഉൾപ്പെടുത്തലിലേക്കുള്ള ഒരു നിർണായക ചുവടുവെയ്പ്പാണ്. ഡിജിറ്റൽ മുന്നേറ്റങ്ങളിലൂടെ സാമ്പത്തിക സേവനങ്ങൾക്കുള്ള തടസ്സങ്ങൾ നീക്കാനും വിദൂര പ്രദേശങ്ങളിലേക്കും ലളിതവും സുരക്ഷിതവുമായ സാമ്പത്തിക സേവനങ്ങൾ എത്തിക്കാനുമാണ് ലക്ഷ്യമിടുന്നതെന്നും സദാഫ് സയീദ് പറഞ്ഞു.

# സാംകോ മ്യൂച്വൽ ഫണ്ട് ലാർജ് ക്യാപ് എൻഎഫ്ഒ അവതരിപ്പിച്ചു

**കൊച്ചി:** സാംകോ അസറ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് ലാർജ് ക്യാപ് ഓഹരികളിൽ നിക്ഷേപം നടത്തുന്ന ഓപ്പൺ എൻഡഡ് ഇക്വിറ്റി പദ്ധതി സാംകോ ലാർജ് ക്യാപ് ഫണ്ടിന്റെ എൻഎഫ്ഒ അവതരിപ്പിച്ചു. എൻഎഫ്ഒ മാർച്ച് 19ന് അവസാനിക്കും. 100 മുൻനിര ലാർജ് ക്യാപ് കമ്പനികളിലെ വൈവിധ്യ നിക്ഷേപത്തിലൂടെ ദീർഘകാല നേട്ടം കൈവരിക്കുകയാണ് ഫണ്ടിന്റെ ലക്ഷ്യം. വിപണിയിലെ പ്രകടന സൂചികകളുടെ അടിസ്ഥാനത്തിൽ ഓഹരികൾ തിരഞ്ഞെടുക്കുന്ന സാംകോയുടെ സി.എ.ആർ.ഇ. മൊമന്റം സംവിധാനം പ്രയോജനപ്പെടുത്തുന്ന വിധത്തിലാണ് സാംകോ ലാർജ് ക്യാപ് ഫണ്ട് രൂപകൽപന ചെയ്തിട്ടുള്ളത്.ശക്തമായ കമ്പനികളിൽ കുറഞ്ഞത് 80 ശതമാനം ലാർജ് ക്യാപ് ഓഹരികളിൽ നിക്ഷേപം വകയിരുത്തുന്ന രീതിയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. നിലവിലെ വിപണസാഹചര്യങ്ങളിൽ മിഡ്ക്യാപ്, സ്മോൾക്യാപ് എന്നിവയെ അപേക്ഷിച്ച് ലാർജ് ക്യാപ് ഓഹരികൾ കൂടുതൽ ആകർഷകമായിട്ടുണ്ടെന്നും അവ മികച്ച നിക്ഷേപ അവസരങ്ങളാണെന്നും സാംകോ അസറ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് സിഇഒ വിരാജ് ഗാന്ധി പറഞ്ഞു.

# എക്സൽസോഫ്റ്റ് ടെക്നോളജീസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** പഠന, മൂല്യനിർണയ വിപണിയിൽ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്ന മൈസൂർ ആസ്ഥാനമായുള്ള ആഗോള വെർട്ടിക്കൽ സാസ് (എസ്എഎഎസ്) കമ്പനിയായ എക്സൽസോഫ്റ്റ് ടെക്നോളജീസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വില്പനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടു രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഐപിഒയിലൂടെ 700 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 210 കോടിയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 490 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ഓഹരികൾ എന്എസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ആനന്ദ് രതി അഡ്വൈസേഴ്സ് ലിമിറ്റഡാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.

